**“CORRUPTION, A CRIME AGAINST NATION”**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം. 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 17.03.2025

# തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലും കോഴിക്കോട് കൂരാച്ചുണ്ട് വില്ലേജ് ഓഫീസിലും മിന്നൽ പരിശോധനകൾ,

എറണാകുളം ജില്ല തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലെ ചില ഉദ്യോഗസ്ഥർ സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെ ബിൽഡിംഗ് പെർമിറ്റ് നൽകുന്നതായും, തീരദേശ നിയന്ത്രണ മേഖലാ ചട്ടങ്ങൾ (CRZ) പാലിക്കാതെ 25 നില കെട്ടിടത്തിന് പെർമിറ്റ് നൽകി പണി പൂർത്തീകരിച്ചതായും ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ എറണാകുളം വിജിലൻസ് യൂണിറ്റ് ഇന്നേ ദിവസം (17.03.2025) ഒരു മിന്നൽ പരിശോധന നടത്തി. രാവിലെ 10:45 മണിക്ക് തുടങ്ങിയ മിന്നൽ പരിശോധന വൈകിയും തുടരുന്നു. മിന്നൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ വിശദമായി പരിശോധിച്ച് തുടർ നടപടികൾ ഉണ്ടാകും.

കോഴിക്കോട് ജില്ലയിലെ കൂരാച്ചുണ്ട് വില്ലേജ് ഓഫീസ് പരിധിയിൽ മൈക്കാട്ടുപാറ എന്ന സ്ഥലത്ത് സ്വകാര്യ വ്യക്തി ലീസിനെടുത്ത് നടത്തുന്ന ക്വാറിയിൽ, അടുത്തുള്ള സർക്കാർ സ്ഥലത്ത് നിന്ന് കൂടി പാറ ഖനനം നടത്തിയതായി വിജിലൻസിന് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് വിജിലൻസ് സ്പെഷ്യൽ സെൽ ഇന്ന് (17.03.2025) രാവിലെ 08.00 മണി മുതൽ 4.30 മണി വരെ കൂരാച്ചുണ്ട് വില്ലേജ് ഓഫീസിലും ക്വാറിയിലും മിന്നൽ പരിശോധന നടത്തി. മിന്നൽ പരിശോധനയിൽ ഏകദേശം പതിനായിരം ക്യൂബിക് മീറ്റർ സർക്കാർ സ്ഥലത്ത് ഖനനം നടത്തിയതായി കണ്ടെത്തി. തുടർ നടപടി സ്വീകരിക്കുന്നതാണ്.

## ട്രാപ്പ് കേസ്സിൽ പ്രതിയായ മുൻ ആതിരപ്പള്ളി വില്ലേജ് ഓഫീസർക്കെതിരെ അനധികൃത സ്വത്ത് സമ്പാദനത്തിന് വിജിലൻസിന്റെ പ്രാഥമിക അന്വേഷണം

തൃശ്ശൂർ ജില്ലയിലെ വെറ്റിലപ്പാറ സ്വദേശിയായ പരാതിക്കാരന്റെ 8.9 സെന്റ് സ്ഥലത്തിന്റെ തണ്ടപ്പേർ പകർപ്പ് നൽകുന്നതിന് സ്ഥല പരിശോധനക്ക് വന്നപ്പോൾ 3,000/-രൂപ കൈക്കൂലി വാങ്ങിയതിന് ആതിരപ്പള്ളി വില്ലേജ് ഓഫീസറായ ജൂഡ്.കെ.എൽ നെ ഇക്കഴിഞ്ഞ ജനുവരി മാസം 31 തീയതി തൃശ്ശൂർ വിജിലൻസ് സംഘം കൈയ്യോടെ പിടികൂടി റിമാന്റ് ചെയ്തിരുന്നു. തുടർന്ന് എറണാകുളം മധ്യ മേഖല പോലീസ് സൂപ്രണ്ടിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം ഇന്നേ ദിവസം (17.03.2025) പ്രതിയായ ജൂഡ്.കെ.എൽ ന്റെ അനധികൃത

സ്വത്ത് സമ്പാദനത്തെ കുറിച്ച് പരിശോധിക്കുന്നതിന് ഒരു പ്രാഥമിക അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്ട്സ്ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. യോഗേഷ് ഗുപ്ത ഐ.പി.എസ് അഭ്യർത്ഥിച്ചു.